**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4386** **28-10-2021 - ൽ മറുപടിയ്ക്ക്**

**പേരാവൂർ ഹൗസ് ബിൽഡിംഗ് സൊസൈറ്റി ചിട്ടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | പേരാവൂർ ഹൗസ് ബിൽഡിംഗ് സൊസൈറ്റി നടത്തിയ ചിട്ടികളിൽ കേരള ചിട്ടി ഫണ്ട് റൂൾ പ്രകാരമുള്ള ഏതെല്ലാം ചട്ടങ്ങൾ ലംഘിച്ചിട്ടുണ്ട്; അതിലൂടെ സർക്കാരിനുണ്ടായ വരുമാനനഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | പേരാവൂർ ഹൗസ് ബിൽഡിംഗ് സൊസൈറ്റി നടത്തിയ ചിട്ടികളിൽ കേരള ചിട്ടി ഫണ്ട് റൂൾ പ്രകാരമുള്ള ചിട്ടികൾ നടത്തുന്നതിന് അനുമതി നൽകിയിട്ടില്ല. അതിനാൽ ഈ ഇനത്തിൽ സർക്കാരിന് വരുമാനനഷ്ടം ഉണ്ടായിട്ടില്ല. |
| (ബി) | കേന്ദ്ര ചിട്ടി നിയമവും കേരള ചിട്ടി ഫണ്ട് റൂൾസും പ്രകാരം പ്രസ്തുത ലംഘനങ്ങൾ പരിശോധിച്ച് പിഴ ഈടാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ; ഈ ചിട്ടികളിൽ നിന്ന് ജി.എസ്.ടി. ഈടാക്കുകയോ നോട്ടീസ് നൽകുകയോ ചെയ്തിട്ടുണ്ടോ; | (ബി) | ബാധകമല്ല. |
| (സി) | മറ്റ് സൊസൈറ്റികളിലും ഇത്തരത്തിലുള്ള തട്ടിപ്പുകൾക്ക് സാധ്യതയുള്ളതിനാൽ എല്ലാ സൊസൈറ്റികളിലും ചിട്ടി രജിസ്റ്റർ പരിശോധന നടത്തി സർക്കാരിന് ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിക്കാമോ; | (സി) | സഹകരണ സംഘം രജിസ്ട്രാർ ആഫീസിന്റെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളിൽ ചിട്ടി പദ്ധതികൾ നടപ്പിലാക്കി വരുന്നില്ല. ഗ്രൂപ്പ് ഡിപ്പോസിറ്റ് ആന്റ് ക്രഡിറ്റ് സ്കീം പദ്ധതി ആയാണ് നടത്തുന്നത്. ആയതിന്റെ രജിസ്റ്ററുകൾ പരിശോധിക്കുന്നുണ്ട്. സർക്കാരിലേക്ക് തുക അടവാക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുന്നുണ്ട്. |
| (ഡി) | കേന്ദ്ര ചിട്ടി നിയമം, കേരള ചിട്ടി ഫണ്ട് റൂൾസ് എന്നിവ പ്രകാരം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ ചിട്ടി നടത്തിപ്പിന് അനുമതി നൽകാനുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ ഗ്രൂപ്പ് ഡിപ്പോസിറ്റ് ആന്റ് ക്രഡിറ്റ് സ്കീം പദ്ധതിയ്ക്ക് അനുമതി നൽകാനുള്ള അധികാരം സഹകരണ സംഘം രജിസ്ട്രാർക്കാണ്. കേന്ദ്ര ചിട്ടി നിയമം, കേരള ചിട്ടി ഫണ്ട് റൂൾസ് എന്നിവ പ്രകാരം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ ചിട്ടി നടത്തിപ്പിന് അനുമതി നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ